# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1502** **31.10.2019-ൽ മറുപടിയ്ക്ക്**

**<u>അന്തിപ്പച്ച പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി</u>**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി വില്പന നടത്തുന്ന 'അന്തിപ്പച്ച പദ്ധതി' സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; | എ) | അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി ആരംഭിച്ച അന്തിപ്പച്ച മൊബൈൽ യൂണിറ്റ് നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| ബി) മാലിന്യങ്ങളും രാസപദാർത്ഥങ്ങളും ചേർന്ന മത്സ്യ വിപണനം തടയാൻ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ബി) | മാലിന്യങ്ങളും രാസപദാർത്ഥങ്ങളും ചേർന്ന മത്സ്യവിപണനം തടയുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിലെ കൂടി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം സജീവമാണ്. രാസ വസ്തുക്കൾ കലർത്തിയിട്ടുള്ള മത്സ്യ വിൽപ്പന തടയുവാൻ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും, ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും പരിശോധന നടത്തി വരുന്നു.<br><br>സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യവിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുകൾ കലർത്തിയിട്ടുണ്ടോ യെന്ന് പരിശോധിക്കുവാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Himedia Company - ക്ക് കൈമാറുകയും, അവർ വ്യാവസായികാടിസ്ഥാന ത്തിൽ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്ത് വിതരണം ചെയ്തും വരുന്നു |

**സെക്ഷൻ ആഫീസർ**